റീജിയണൽ ഹോമിയോ മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിക്കാൻ നടപടി

63 [2113] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ ഹോമിയോ മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിക്കാൻ ഈ ഗവൺമെൻറ് അധികാരമേറ്റശേഷം എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ;

(ബി) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് റീജിയണൽ ഹോമിയോ മെഡിക്കൽ സ്റ്റോറുകൾ പൊതു ഉടമയിലുള്ളത്;

(സി) ഈ സാമ്പത്തിക വർഷം റീജിയണൽ ഹോമിയോ മെഡിക്കൽ സ്റ്റോഴ്സ് സ്ഥാപിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പൊതു ഉടമയിൽ സംസ്ഥാനത്ത് റീജിയണൽ ഹോമിയോ മെഡിക്കൽ സ്റ്റോറുകൾ നിലവിലില്ല.

(സി) റീജിയണൽ ഹോമിയോ മെഡിക്കൽ സ്റ്റോഴ്സ് സ്ഥാപിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

റൂൾ 50 അനുസരിച്ചുള്ള നോട്ടീസ്

മി. സ്പീക്കർ: ഇവിടെ ബഹുമാനപ്പെട്ട മൂന്ന് വനിതാ മെമ്പർമാർ ചേർന്ന് ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. പക്ഷേ ഒരു അടിയന്തിര പ്രമേയമെന്നുള്ള നിലയിൽ മറുപടി പറയാനുള്ള വിവരങ്ങൾ ഗവൺമെൻറിൻെറ പക്കലില്ല. ഏതായാലും അതുന്നയിക്കാൻ അവസരം നൽകാം. ഗവൺമെൻറ് ആ സന്ദർഭത്തിൽ മറുപടി ശേഖരിച്ച് പറയുകയും ചെയ്യും. So you can raise it as a submission and I will call you.

9.30 a.m.]

II. ശ്രദ്ധക്ഷണിക്കൽ

(i) ഗുരുവായൂർ ടൗൺഷിപ്പിൻെറ വികസനം

ശ്രീ. പി. കെ. കെ. ബാവ: സർ, ഗുരുവായൂർ ടൗൺഷിപ്പിൻെറ അതിപ്രധാനമായ രണ്ട് പ്രശ്നങ്ങളിലേക്ക് ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെൻറിൻേറയും ശ്രദ്ധ ക്ഷണിക്കുകയാണ്. മത മൈത്രിയുടേയും സാമുദായിക സൗഹാർദ്ദത്തിൻേറയും ജീവൽ പ്രതീകമാണ് ഗുരുവായൂർ. ഗുരുവായൂർ ക്ഷേത്രപരിസരത്തുനിന്ന് ഒട്ടും അകലെയല്ല പ്രസിദ്ധമായ പാലയൂർ ചർച്ച്. മണത്തല പള്ളിയും പ്രശസ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly